"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിവിധ നിർമ്മാണ/പെയിന്റിംഗ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.347/2025/SCSTD തീയതി,തിരുവനന്തപുരം, 28-05-2025

---

പരാമർശം:-

1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/04/2025 ലെ SCDD/10397/2021-C1 (EDN C) നമ്പർ കത്ത്
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/04/2025 ലെ SCDD/4167/2024-C1 (EDN C) നമ്പർ കത്ത്
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/04/2025 ലെ SCDD/3411/2024/-C1 (EDN C) നമ്പർ കത്ത്
4. 26/4/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ ഹയർസെക്കന്ററി കോഴ്സ് ആരംഭിക്കുന്നതിലേയ്ക്കായി നിലവിലുള്ള അക്കാദമിക് ബ്ലോക്കിനു മുകളിൽ ട്രസ്റ്റ് വർക്ക് ചെയ്ത ഭാഗത്ത് 40 കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്, അക്കാദമിക്ക് ബ്ലോക്കിന്റെ രണ്ടാം നില കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 1,35,00,000/- (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റ്, പ്രസ്തുത സ്കൂളിലെ കിച്ചൺബ്ലോക്കിലേയും ഡോർമിറ്ററിയിലേയും അഡീഷണൽ വർക്കുകൾ, റൂഫ് പ്രൊട്ടക്ഷൻ വർക്കുകൾ, തുണി ഉണക്കുന്നതിനുള്ള ഷെഡ് നിർമ്മാണം എന്നീ വർക്കുകൾക്കായും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കിച്ചൺബ്ലോക്ക്, ഡോർമിറ്ററി എന്നിവയിൽ അടിയന്തരമായി പെയിന്റിംഗ് വർക്കുകൾക്കായും ആകെ 85,30,000/- (എൺപത്തിയഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-800-89(P) എന്ന ശീർഷകത്തിൽ നിന്നും തുക പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1), (2), (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ പരാമർശം (4) പ്രകാരം 26/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

ഇനം നം 3,4,7 എന്നിവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ 4225-01-800-89(P) എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം | പ്രവൃത്തി | ശീർഷകം | തുക (രൂപയിൽ) |
|---|---|---|---|
| 1 | അക്കാദമിക് ബ്ലോക്കിനു മുകളിൽ ട്രസ്റ്റ് വർക്ക് ചെയ്ത ഭാഗത്ത് 40 കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കൽ | 4225-01-800-89(P) | 60,00,000/- (അറുപത് ലക്ഷം രൂപ ) |
| 2 | അക്കാദമിക്ക് ബ്ലോക്കിന്റെ രണ്ടാം നില കെട്ടിടത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരണം | | 1,35,00,000/- (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ ) |
| 3 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കിച്ചൺബ്ലോക്ക്, ഡോർമിറ്ററി എന്നിവയിൽ അടിയന്തരമായി ചെയ്യേണ്ട നവീകരണ , പെയിന്റിംഗ് വർക്കുകൾ | | 85,30,000/- (എൺപത്തിയഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപ ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.

ചീഫ് വികേന്ദ്രീത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി2) സീറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 28-05-2025 14:23:28

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.